**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 71** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വന്യജീവി സംഘർഷം ലഘൂകരിക്കാൻ നടപടി</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. വിഷ്ണു മോഹൻ | ശ്രീ. ഷിബു ബേബി ജോൺ |
| ശ്രീ. ഉല്ലാസ് കോവൂർ | (വനം, വന്യജീവി - നൈപുണ്യ വികസന |
| ശ്രീ. വി. കുഞ്ഞികൃഷ്ണൻ | വകുപ്പ് മന്ത്രി) |

**(എ)** വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി വനാതിർത്തികളിൽ ആധുനികവും ശാസ്ത്രീയവുമായ സ്ഥിരസംവിധാനങ്ങൾ ഏർപ്പെടുത്താൻ എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമേ, ആധുനിക ശാസ്ത്രീയ സംവിധാനങ്ങൾ പഠന വിധേയമാക്കി നിലവിലുള്ള മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പേടുന്നതിനാണ് സർക്കാർ ഊന്നൽ നൽകുന്നത്.

**(ബി)** വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് ആവിഷ്കരിച്ച നടപ്പാക്കുന്ന ത്രീ ടയർ സ്ട്രാറ്റജി (കണ്ടൈൻമെന്റ്, മിറ്റിഗേഷൻ, കോംബൻസേഷൻ)യുടെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** Containment : കാട്ടിനുള്ളിൽ ഭക്ഷണ-ജല ലഭ്യത ഉറപ്പാക്കിയും, അതിർത്തികളിൽ പ്രതിരോധ നിർമ്മിതികൾ സ്ഥാപിച്ചും, സ്വാഭാവിക സഞ്ചാരപഥങ്ങൾ പുനഃസ്ഥാപിച്ചും വന്യമൃഗങ്ങളെ വനാതിർത്തിക്കുള്ളിൽ തന്നെ നിലനിർത്തി അപകടസാധ്യത ഒഴിവാക്കുന്നു.

Mitigation: മൃഗങ്ങൾ ജനവാസമേഖലയിൽ പ്രവേശിക്കുന്ന പക്ഷം, പ്രദേശവാസികൾക്ക് കൃത്യമായ മുന്നറിയിപ്പ് നല്കുകയും ദ്രുതപ്രതികരണ സംവിധാനങ്ങളിലൂടെ (Fast Response) മൃഗങ്ങളെ സുരക്ഷിതമായി വേഗത്തിൽ കാട്ടിലേയ്ക്ക് മടക്കി അയച്ച് ആഘാതം കുറയ്ക്കുകയും ചെയ്യുന്നു.

Compensation : രണ്ട് പ്രതിരോധ നിരകളും ഭേദിച്ച് ജനങ്ങൾക്ക് കഷ്ടനഷ്ടങ്ങൾ ഉണ്ടാകുന്ന സാഹചര്യങ്ങളിൽ, അവർക്ക് അർഹമായ നഷ്ടപരിഹാരം വേഗത്തിൽ നൽകി ആശ്വാസം ഉറപ്പാക്കും.

**(സി)** വന്യജീവികളുടെ സാന്നിധ്യം മുൻകൂട്ടി അറിയുന്നതിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സെൻസർ അധിഷ്ഠിത മുന്നറിയിപ്പ് സംവിധാനങ്ങൾ, ഡ്രോൺ സ്ക്വാഡുകൾ എന്നിവ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. സർക്കാരിന്റെ വിഷൻ 2031 കർമ്മപദ്ധതിയിൽ വന്യജീവികളുടെ സാന്നിധ്യം മുൻകൂട്ടി അറിയുന്നതിനായി എ.ഐ. അധിഷ്ഠിത റിയൽടൈം മുന്നറിയിപ്പ്, ഡ്രോൺ സ്ക്വാഡുകളുടെ രൂപീകരണം എന്നിവ ഉൾപ്പെടുത്തിട്ടുണ്ട്.

**(ഡി)** വനാതിർത്തികളിൽ ദ്രുതകർമസേനയുടെ പ്രവർത്തനം ശക്തമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ദ്രുത കർമ്മസേനകളെ ശാക്തീകരിക്കുന്നതിനുള്ള പ്രധാന നടപടികൾ:

RRT ശാക്തീകരണം : 25 സാറ്റലൈറ്റ് RRTകൾ രീപീകരിച്ച് അവർക്ക് വാഹനങ്ങൾ, ട്രാൻക്യുലൈസിംഗ് ഉപകരണങ്ങൾ, സുരക്ഷാ സാമഗ്രികൾ എന്നിവ നൽകും.

**പഞ്ചായത്ത് തല നടപടികൾ:** കുരങ്ങ്, മയിൽ ശല്യം നിയന്ത്രിക്കാൻ പ്രാദേശിക റെസ്പോൺസ് ടീമുകൾക്ക് പരിശീലനം നൽകുകയും ഏകോപനത്തിനായി ഫോറസ്റ്റ് ലെയ്സൺ ഓഫീസർമാരെ നിയോഗിക്കുകയും ചെയ്യും.

**സെക്ഷൻ ഓഫീസർ**